പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 157 6.7.2015-ലെ മറുപടിക്ക്

ജയിലുകൾ ഉല്പാദന-വരുമാന കേന്ദ്രങ്ങൾ

ചോദ്യം
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എം.എ.വാഹീദ്
ശ്രീ.ബെന്നി ബഹനാൻ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) ജയിലുകളെ ഉല്പാദന-വരുമാന കേന്ദ്രങ്ങളാക്കാൻ പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;<br><br>ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;<br><br>സി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാനായി ജയിലുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി)യും (സി)യും | ഇല്ല. ജയിലുകൾ പ്രധാനമായും, ശിക്ഷിക്കപ്പെട്ടുവരുന്ന തടവുകാരെ പാർപ്പിച്ച്, അവരെ, സ്വഭാവ പരിണാമം വരുത്തി നല്ല പൗരന്മാരാക്കി പുറത്തിറക്കുന്നതിന് സഹായിക്കുന്ന സ്ഥാപനങ്ങളാണ്. ശിക്ഷിക്കപ്പെടുന്നവർ കൂടാതെ റിമാന്റ് ചെയ്യപ്പെടുന്നവരും വിചാരണ നേരിടുന്നവരുമായ തടവുകാരും ജയിലുകളിലുണ്ട്. ശിക്ഷിക്കപ്പെട്ടുവരുന്ന തടവുകാരോട് മാത്രമേ നിർബന്ധപൂർവ്വം ജോലികളിൽ ഏർപ്പെടണമെന്ന് നിർദ്ദേശിക്കാനാവൂ. ജയിലുകൾ വരുമാനമുണ്ടാക്കാനുള്ള കേന്ദ്രങ്ങളല്ല മറിച്ച് തടവുകാരെ നല്ല പൗരന്മാർ ആക്കുന്നതിനും അവർ പുറത്തിറങ്ങുമ്പോൾ സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമുള്ള ലക്ഷ്യത്തിലേയ്ക്കാണ് നിയമപരമായി ശ്രദ്ധിക്കുന്നത്. വരുമാന കേന്ദ്രങ്ങളല്ല മറിച്ച് ജയിലുകളിലെ തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഉണ്ടാകുന്നതാണ് വരുമാനം. തടവുകാരൻ പുറത്തിറങ്ങുമ്പോൾ ആ തടവുകാരന് സ്വന്തമായി തൊഴിൽ ചെയ്ത് ജീവിക്കാൻ ഉതകുന്ന തൊഴിലുകളാണ് ജയിലുകളിൽ തടവുകാരെ പഠിപ്പിക്കുന്നത്. ഇലക്ട്രീഷ്യൻ കോഴ്സ്, പ്ലംബിംഗ് കോഴ്സ്, ബ്യൂട്ടീഷ്യൻ കോഴ്സ്, ഷെഫ് (പാചകവിദ്യ), തെങ്ങുകയറ്റം, ഡ്രൈവിംഗ്, ജെ.സി.ബി. ഓപ്പറേഷൻ, കമ്പ്യൂട്ടർ പരിശീലനം, ടെയലറിംഗ്, കാർപ്പെന്ററി, വീവിംഗ് തുടങ്ങിയവയുടെ പരിശീലനം, പച്ചക്കറി ഉത്പാദനം, വിവിധ ഭക്ഷണസാധനങ്ങളുടെ ഉത്പാദനം മുതലായവയാണ് പരിശീലിപ്പിക്കുന്നത്. അവർക്ക് ജയിലിൽ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതു കൂടാതെ |

| | | |
|---|---|---|
| | | കൗൺസലിംഗ്, അംഗീകൃത ഗവൺമെന്റിതര സംഘടനകളുടെ ക്ഷേമപ്രവർത്തനങ്ങൾ, യോഗ മുതലായവയും നടത്തുന്നുണ്ട്. ഇത്തരം തൊഴിൽ പരിശീലനം തടവുകാരുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും അതിലുപരി ജയിൽ വിമോചിതരാകുമ്പോൾ ഒരു തൊഴിൽ ചെയ്യുവാനുള്ള പരിശീലനം ലഭിക്കുന്നതിന് ഇടയാക്കുകയും ചെയ്യും. ആയതിനാലാണ് നിലവിൽ ജോലി ലഭ്യതയുള്ള ഇലക്ട്രീഷ്യൻ തെങ്ങുകയറ്റം, ഡ്രൈവിംഗ് തുടങ്ങിയ തൊഴിൽ പരിശീലനങ്ങൾ കൂടി ജയിലിൽ നടത്തുന്നത്. ഇത്തരം പരിശീലനങ്ങൾ പൂർത്തിയാക്കുന്നവർക്ക് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുമുള്ള സർട്ടിഫിക്കറ്റുകളും നൽകുന്നുണ്ട്. |
| ഡി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ? | ഡി) | തടവുകാരുടെ തൊഴിൽ പരിശീലനങ്ങൾ സംബന്ധിച്ച് ഒരു സ്ഥിരമായ രൂപരേഖ ഇല്ല. അതതുവർഷം 'തടവുകാരുടെ ക്ഷേമം' പദ്ധതിപ്രകാരം ലഭിക്കുന്ന ഫണ്ടിൽ, പ്രസ്തുത തൊഴിൽ പരിശീലനങ്ങൾ ഉൾപ്പെടുത്തുകയും ആയവ നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. 2014-15 വർഷത്തെ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് ഇലക്ട്രീഷ്യൻ കോഴ്സ്, പ്ലംബിംഗ് കോഴ്സ്, ബ്യൂട്ടീഷ്യൻ കോഴ്സ്, ഷെഫ് (പാചകവിദ്യ), തെങ്ങുകയറ്റം, ഡ്രൈവിംഗ്, കമ്പ്യൂട്ടർ പരിശീലനം, തുടങ്ങിയവയെല്ലാം ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ